MAHBIL/2015/63218 | MNE/353/2021-23 | MR/Tech/WPP-323/NE/2021-23

# Kalyan Lantern

SEPTEMBER 2022

Vol. 08 | Issue 04 | MUMBAI | 36 Pages | Price: `10/-

## അമ്മയോടൊപ്പം



# രണ്ടാം ചരമവാർഷികം



# മാർ പോൾ ചിറ്റിലപ്പിള്ളി

BORN: 7 FEBRUARY, 1934
ORDINATION: 18 OCTOBER, 1961
CONSECRATION: 24 AUGUST, 1988
DIED: 6 SEPTEMBER, 2020

FIRST BISHOP OF
KALYAN DIOCESE : 1988 - 1997

BISHOP OF
THAMARASSERY DIOCESE : 1997 - 2010

KALYAN LANTERN
DIOCESE OF KALYAN

# അമ്മയോടൊപ്പം



ഒരമ്മയുടെ ദു:ഖം ആരറിയുന്നു? അഗാധദു:ഖത്തിന്റെ ഖനിയാണ് അമ്മയുടെ ഹൃദയം. മക്കളെപ്പറ്റി അമ്മയെപ്പോലെ ആകുലപ്പെടുകയും ദു:ഖിക്കുകയും ചെയ്യുന്ന ആരുണ്ട്? കാരണം അവളുടെ മനസ്സിന്റെയും ശരീരത്തിന്റെയും ഭാഗമാണ് മക്കൾ. സ്വയം മുറിയപ്പെടുകയും മുറിക്കപ്പെടുകയും ചെയ്യുന്ന അമ്മ എന്നും വ്യാകുലയാണ്. മക്കളുടെ ഭാവിയെപ്പറ്റി ഇത്ര ഉൽക്കണ്ഠപ്പെടുന്ന മനസ്സ് മറ്റാർക്കാണുള്ളത്? ഹൃദയം നിറയെ സ്നേഹവും മനസ്സുനിറയെ പ്രതീക്ഷയുമായി അമ്മ മക്കളെ വളർത്തുന്നു. തന്റെ ജീവിതത്തിന്റെ സുഖങ്ങൾ എല്ലാം മാറ്റി വച്ച് ത്യാഗത്തോടെ മക്കൾക്കുവേണ്ടി ജീവിക്കുന്നു. പ്രാർത്ഥനയുടെ ഓരോ നിമിഷത്തിലും അവൾ കരുതലോടെ ഓർക്കുന്നു - മക്കൾ! മക്കൾക്ക് ജന്മം നല്കുന്ന നിമിഷം മുതൽ ഉറക്കമിളച്ച് മക്കളെ കരുതലോടെ വളർത്തുന്ന അമ്മമാർ ജീവിതത്തിന്റെ അനുഗ്രഹമാണ്. തള്ളക്കോഴി കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ കാത്തു രക്ഷിക്കുന്നതുപോലെ ഓരോ ദിവസവും എല്ലാവിധ ആപത്തുകളിൽ നിന്നും കരുതലോടെ കാത്തു പരിപാലിക്കുന്നു, പ്രാർത്ഥിക്കുന്നു. ജീവിതത്തിന്റെ വളർച്ചയിലും തളർച്ചയിലും കൂടെ നില്ക്കുന്നു. ത്യാഗത്തിന്റെ ബലിപീഠത്തിൽ അമ്മ ബലിയായി സ്വയം സമർപ്പിക്കുന്നു.

പരിശുദ്ധ മറിയം എല്ലാ അമ്മമാർക്കും ഒരു മാതൃകയാണ്. പുത്രന് ജന്മം നല്കിയ നിമിഷം മുതൽ അവൾ അനുഭവിച്ച ദു:ഖത്തിന്റെയും വേദനയുടേയും തീവ്രത ആരറിയുന്നു? തന്റെ പുത്രന്റെ ജീവിതത്തിലെ ഉയർച്ചയിലും താഴ്ച്ചയിലും ആ അമ്മ കൂടെ നിൽക്കുന്നു. അവസാനം കുരിശുയാത്രയിൽ അവനെ അനുഗമിക്കുന്നു. ധൈര്യം പകരുന്നു. ദിവ്യബലി പൂർത്തിയാക്കാൻ. ഗാഗുൽത്തായിൽ കുരിശിൻ ചുവട്ടിൽ നിൽക്കുന്ന അമ്മയുടെ ചിത്രം ആരാണ് മറക്കുക? തന്റെ പ്രിയ മകന്റെ ജീവനറ്റ ശരീരം മടിയിൽ ഏറ്റുവാങ്ങുന്ന അമ്മയുടെ വേദന ഉപമിക്കാനാവാത്ത ദു:ഖസാഗരമായ പരിണമിക്കുന്നു. പരിശുദ്ധ അമ്മയുടെ കണ്ണുകളിൽ പ്രതിഫലിക്കുന്നത് അഗാധസ്നേഹത്തിന്റെ പരിമളമാണ്. ഭൂമിയോളം താഴുന്ന അമ്മ, ഭൂമിയോളം സഹിക്കുന്ന അമ്മ. തീവ്രവേദനയിലും നാളെയുടെ പ്രതീക്ഷാനാളങ്ങൾ മനസ്സിൽ ഏറ്റുവാങ്ങുന്ന മനുഷ്യകുലത്തിന്റെ മുഴുവൻ അമ്മ; അതാണ് പരിശുദ്ധ മറിയം. ഈ അമ്മയാണ് നമുക്ക് പ്രതീക്ഷയും പ്രത്യാശയും നൽകുന്നത്. നമ്മുടെ അഭയവും സങ്കേതവുമായി എപ്പോഴും കൂടെ നിൽക്കുന്നത്!

ആ പരി. അമ്മയോട് ചേർന്നു നില്ക്കുന്നവർക്ക് എന്നും അവൾ - വഴികാട്ടിയാണ്, സങ്കേതമാണ്, സംരക്ഷണമാണ്. ആ അമ്മയോട് ചേർന്ന് നമ്മുക്കും പ്രാർത്ഥിക്കാം.

*"Behold, I am the Servant of the Lord; let it be done be to me according to you (Lk.: 1:37-38)"*

**"നിന്റെ വചനം എന്നിൽ നിറവേറട്ടെ".**

KALYAN LANTERN
DIOCESE OF KALYAN

YOUR WORD IS A LAMP TO
MY FEET & A LIGHT TO MY PATH

**SEPTEMBER 2022**
**Vol. 08 | Issue 04**

PATRON
Bishop Mar Thomas Elavanal

CHAIRMAN
Msgr. Dr. Francis Eluvathingal

CHIEF EDITOR
Fr. Biju Mannamcheril

ASSOCIATE EDITOR
Fr. Danny Chittilapilly

EDITORIAL BOARD
Fr. Shibu Pulickal
Dr. C.P. Johnson
Mr. George Chirayath
Mr. Babu Mathew

MARKETING MANAGERS
Fr. Dr. George Vattamattam

CIRCULATION MANAGER
Fr John kochuveettil

OFFICE SECRETARY
Mr. Joseph Chiramal

DESIGN & LAYOUT
Mr. Josemon Vazhayil

Diocese of Kalyan, Plot No. B/38,
P.B. No. 8434, IIT P.O., Powai,
Mumbai, Maharashtra, India 400076.
Tel. (+91) (022) 2578 5515, 2578 2385
E-mail: kalyanlantern@gmail.com
Website: www.kalyandiocese.com
Matrimonial: www.godsownchoice.com

MAHBIL/2015/63218 | MNE/353/2018-20



# പരിശുദ്ധ അമ്മ നമ്മുടെ ജീവിതത്തിൽ



Sr. Suja Chothirakunnel
Animator, Kalyan Mathrusangam

മാനത്ത് വിരിയുന്ന മഴവില്ലിന്റെ ചാരുതയും, ഒരു പൂന്തോട്ടത്തിലെ പുഷ്പങ്ങളുടെ വൈവിധ്യമാർന്ന വർണ്ണങ്ങളും, നമ്മുടെ ഉള്ളിൽ അലൗകീകമായ ഒരു വിസ്മയം ജനിപ്പിക്കാറുണ്ട്. ഒപ്പം മനസ്സറിയാതെ ഉല്പത്തി പുസ്തകത്തിലെ 'എല്ലാം നന്നായിരിക്കുന്നു എന്നു ദൈവം കണ്ടു' എന്ന വാക്യത്തിലേക്കും നാം യാത്ര ചെയ്യാറില്ലേ? പരിശുദ്ധ അമ്മയെക്കുറിച്ചു ചിന്തിക്കുമ്പോഴും എല്ലാം നന്നായിരിക്കുന്നു എന്നു കണ്ട ദൈവത്തിന്റെ അതേ മനോഭാവം സ്വീകരിച്ചു കൊണ്ട് വിസ്മയമാർന്നു നിൽക്കാനേ നമുക്കും ആവൂ. മറിയം നമ്മുടെ അമ്മയാണ്. ഇതു കേൾക്കുമ്പോൾത്തന്നേ നമ്മുടെ ഹൃദയത്തിന്റെ ആഴതലങ്ങളിൽ മാതൃവാൽസല്യത്തിന്റെ സപ്തവികാരങ്ങൾ ഉണരുകയായി. വെറും വികാരമല്ല, മറിച്ച് ആദരവോടുകൂടിയ മാതൃസ്നേഹത്തിന്റെ അലയടികൾ നമ്മെ വലയം ചെയ്യും. ഇത്രമാത്രം ധന്യവും വ്യത്യസ്ഥവുമായ രീതിയിൽ നമ്മിൽ സന്നിഹിതയാകുന്ന അവളുടെ അമ്മഭാവം എത്ര ശ്രേഷ്ഠമാണ്. ഒരു നോട്ടത്തിലൂടെ മാത്രം അവളിലൂടെ പ്രകടമാകുന്ന ദൈവികവും മാനുഷികവുമായ മുഴുവൻ യാഥാർത്ഥ്യത്തേയും ആശ്ലേഷിക്കുവാൻ നമുക്കു സാധ്യമല്ല, കാരണം മറിയം ദൈവത്തിന്റെ അമ്മയാണ്, സഭയുടെ അമ്മയാണ്, നമ്മുടെ അമ്മയാണ്.

ജനനത്തിലും, മരണത്തിലും, ജീവിതത്തിന്റെ എല്ലാം പ്രതിസന്ധിഘട്ടങ്ങളിലും ഓരോ മനുഷ്യന്റെയും നാവിൽനിന്നു അടർന്നു വീഴുന്ന നാമമാണ് അമ്മ. അതൊരു ദാഹമാണ്, അനുഭവമാണ്, ബന്ധമാണ്. ഒരിക്കലും അടർത്തിമാറ്റാനാവാത്ത പൊക്കിൾക്കൊടിബന്ധം. ഈ മനുഷ്യബന്ധത്തിനു കല്ലറയോളം മാത്രമേ ആയുസ്സുള്ളൂ എന്നത് നിഷേധിക്കാനാവാത്ത സത്യമാണ്. എന്നാൽ വേദനകളിൽ നമ്മെ കൈവിടാത്ത, ആവശ്യങ്ങൾ നമ്മേക്കാൾ മുൻപേ കണ്ടു പരിഹാരം കാണുന്ന, ആപത്തുകളിൽ ഒരു പിടക്കോഴി തന്റെ കുഞ്ഞിനെ ചിറകിൻ കീഴിൽ ഒതുക്കുന്നതുപോലെ ചേർത്തു പിടിക്കുന്ന, വിശ്വസിച്ചു ചാരിക്കിടക്കാവുന്ന ഒരു നെഞ്ചുണ്ട് നമുക്ക്. അതാണ് പരിശുദ്ധ അമ്മ. ദൈവം നമുക്കു നീട്ടിത്തന്ന, ആശ്രയിക്കാവുന്ന വടിയാണ് അവൾ. ഈ വടി നമ്മെ ഈശോയിലും, പരിശുദ്ധ ത്രിത്വത്തിലും, സഭയോടും, ചേർത്തു നിർത്തും എന്നതു ഉറച്ച ഒരു യാഥാർത്ഥ്യമാണ്.

അമ്മയുടെ ജീവിതശൈലി ക്രിസ്തീയ ജീവിത

ത്തിന്റെ ശൈലിയാണ്. പരിശുദ്ധ അമ്മയെ വിണ്ണോളമുയർത്തിയ ആ ജീവിതശൈലിയിലേയ്ക്ക് നമുക്കു ഒന്നു കണ്ണോടിക്കാം. ഞാൻ കർത്താവിൽ അത്യധികം ആനന്ദിക്കും. എന്റെ ആത്മാവും ദൈവത്തിൽ ആനന്ദം കൊള്ളും. പരിശുദ്ധ മറിയത്തെപ്പോലെ ജീവിതത്തിൽ ദൈവത്തിന്റെ രക്ഷ അനുഭവിച്ചറിയുകയെന്നതാണ് നമ്മുടെ ജീവിത വിജയം. എളിയവരും, നിസ്സാരതയും, ദരിദ്രയുമായവളിലേക്ക് 'നന്മനിറഞ്ഞവളെ' എന്നു പറഞ്ഞുകൊണ്ട് ദൈവം സമ്പന്നതയുമായി കടന്നു വരുന്നു. ദൈവത്തിന്റെ നന്മയും, അവിടുത്തെ സ്നേഹവും അനുഭവിച്ചറിഞ്ഞ പരിശുദ്ധ അമ്മയേപ്പോലെ നാമും ഇന്നത്തെ ലോകത്തിൽ ദൈവത്തിന്റെ സ്നേഹത്തിന്റെയും, നന്മയുടെയും വാഹകരായി തീരണം.

രക്ഷയെ അനുഭവിച്ചറിഞ്ഞ നിമിഷത്തിൽത്തന്നെ ശുശ്രൂഷമാത്രം ലക്ഷ്യമാക്കി തന്റെ ഇളയമ്മയുടെ അടുക്കലേക്ക് മറിയം തിടുക്കത്തിൽ പോകുന്നതായി വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നുണ്ട്. അതുപോലെ കാനായിലെ കല്യാണവിരുന്നിൽ മനുഷ്യന്റെ ആവശ്യങ്ങളെയും, ആകുലതകളെയും വിവേചിച്ചറിയുന്നവളും, അവരിൽ ഉൽകണ്ഠയുള്ളവളുമായിട്ട് നാം മറിയത്തെ കാണുന്നു. മറിയം അവിടെയുള്ള പരിചാരകരോടു ആവശ്യപ്പെട്ടതുപോലെ ഇന്നു നമ്മോടും പറയുന്നുണ്ട്. അവൻ നിങ്ങളോടു പറയുന്നതുപോലെ ചെയ്യുവിൻ (യോഹ. 2 : 5). നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ ഓരോ നിമിഷവും മറിയത്തിന്റെ ഈ വാക്കുകൾ ശ്രവിച്ച് ജീവിതത്തിൽ ദൈവത്തിന്റെ ഹിതം എന്താണെന്നറിഞ്ഞു, അതനുസരിച്ചു ജീവിക്കുവാൻ നമുക്കു സാധിച്ചാൽ കാനായിലെ കല്യാണപന്തലിൽ നടന്നതുപോലുള്ള അത്ഭുതം നമ്മുടെ ജീവിതത്തിലും സംഭവിക്കുമെന്നതു തീർച്ചയാണ്. അങ്ങനെ നമ്മുടെ അനുദിന ജീവിതം സന്തോഷപ്രദവും സൗഭാഗ്യപൂർണ്ണവുമായി തീരും.

കൃപ നിറഞ്ഞവളും, പരിശുദ്ധയുമായ അമ്മയുടെ ജീവിതം സഭാതനയരായ നമുക്കു അനുകരണാർഹമായ മാതൃകയാണ്. ദൈവകൃപ നിറഞ്ഞവളെയെന്ന ദൈവദൂതന്റെ സംബോധന മറിയം ജീവിതകാലം മുഴുവൻ പ്രസാദവരപൂർണ്ണമാക്കി എന്നാണ് വ്യക്തമാക്കുന്നത്. മറിയത്തിന്റെ പരിശുദ്ധിയേയും, നമ്മുടെ ഇല്ലായ്മയേയും തുലനം ചെയ്തു നോക്കുമ്പോൾ വിശുദ്ധിയെന്നതു നമ്മിൽ നിന്നും എത്ര വിദൂരതയിലാണെന്നും, അതിൽ എത്തിചേരുന്നതിനുള്ള നമ്മുടെ പരിശ്രമം എത്ര ശക്തമായിരിക്കണമെന്നും അമ്മ നമ്മെ പഠിപ്പിക്കുന്നു. മറിയം പരിശുദ്ധയായി ജീവിച്ചതു ദൈവഹിതമനുസരിച്ചുകൊണ്ടാണ്. വലിയ വലിയ കാര്യങ്ങൾ ചെയ്യുന്നതിലോ, പ്രശസ്തസേവനം അനുഷ്ഠിക്കുന്നതിലോ അല്ല, പ്രത്യുത 'അങ്ങേ ഇഷ്ടം എന്നിൽ സംഭവിക്കട്ടെ' എന്ന പ്രാർത്ഥനയോടെ ദൈവേഷ്ടം നിറവേറ്റുന്നതിലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നത് എന്ന സത്യം പരിശുദ്ധ മറിയം നമ്മെ പഠിപ്പിക്കുന്നു.

പുണ്യപൂർണ്ണതയിലേയ്ക്കുള്ള പാത മറിയത്തിനും എളുപ്പമുള്ളതായിരുന്നില്ല. ദൈവം പാപക്കറയില്ലാത്തവളായി പരിശുദ്ധ മറിയത്തെ ജനിപ്പിച്ചതുകൊണ്ടും, ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ പ്രത്യേക ഉപകരണമായി തെരഞ്ഞെടുക്കപ്പെട്ടവളായതുകൊണ്ടും പരിശുദ്ധ മറിയത്തിനു പുണ്യത്തിൽ വളരുക എളുപ്പമായിരുന്നെന്ന് ഒരുപക്ഷേ നമ്മൾ പഴി പറഞ്ഞേക്കാം. പരിശുദ്ധ മറിയത്തെ ദൈവം പ്രത്യേകമാംവിധം പരിപാലിച്ചിരുന്നു എന്നതു സത്യമാണ്. എന്നാൽ മറിയത്തിനു ദൈവത്തിന്റെ വിളിക്ക് മറുപടി പറയുന്നതിനും, പറയാതിരിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ദൈവഹിതം സ്വന്തം ജീവിതത്തിൽ സ്വീകരിക്കുവാനായി മറിയത്തിനു തന്റെ ഹിതം പൂർണ്ണമായി ത്വജിക്കേണ്ടിവന്നു. ദൈവത്തിന്റെ ക്രൂരമെന്നു തോന്നിയേക്കാവുന്ന എല്ലാ കടന്നുവരവുകളിലും ഇതാ കർത്താവിന്റെ ദാസി അവിടുത്തെ തിരുവിഷ്ടം നിറവേറട്ടെ എന്നു ഹൃദിയംകൊണ്ട് ഏറ്റു പറഞ്ഞവളാണ് പരിശുദ്ധ മറിയം.



മറിയം നൽകുന്ന സന്ദേശം അവളുടെ ജീവിതമായിരുന്നു. ജീവിതത്തിന്റെ ഓരോ നിമിഷങ്ങളിലും ദൈവഹിതത്തിനു കീഴ്പ്പെട്ട്, സ്നേഹത്തിന്റെ മുമ്പിൽ 'ഇതാ ഞാൻ എന്നും, വേദനയുടെ മുമ്പിൽ അവിടുത്തെ തിരുവിഷ്ടം നിറവേറട്ടെ' എന്നും പറയുവാനായി നമുക്കു മുമ്പേ ഇതേ മനോഭാവത്തോടെ നടന്നു നീങ്ങിയ പരിശുദ്ധ അമ്മയുടെ ജീവിത ശൈലി സ്വന്തമാക്കാൻ നമുക്കും പരിശ്രമിക്കാം. അങ്ങനെ വിശുദ്ധിയിലേക്കുള്ള നമ്മുടെ വിളിക്ക് ജീവിതംകൊണ്ടു മറുപടി പറയുവാൻ നമുക്കിടയാകട്ടെ.

# MARY
# THE MODEL AND TEACHER OF FAITH



Sherin Antony
St. Mary's Forane Church
Andheri West



"Here am I, the servant of the Lord: let it be with me according to your word" (Luke 1: 38). This euphoric statement by a village girl has led to the mystery of her divine motherhood and division of human history. According to St. Augustine, the world was unworthy of receiving the Son directly from the Father and therefore the Father ordained that Christ, His Son, should be brought to the world through and by Mary. The girl found grace before God the Father, with her unwavering faith in God, power of her prayers and her righteous virtues. She is our blessed mother because she believed in God, and God dwells in her more wonderfully than anyone in this universe.

Mary - The School of Faith

Old Testament states that, "never since has there arisen a prophet in Israel like Moses whom the Lord knew face to face." The much human Moses who was chosen and deputed by God to liberate Israel, in turn asked God, who he is that he should go to Pharaoh and bring the sons of Israel out of Egypt. Natural to any human behavior, he did ask for a sign to let Pharaoh know that he is deputed by God, the Father. In New Testament, another character named Zechariah, who was righteous before God, when confronted with God's angel, he lacked faith and approached the angel with his rational human responses. He too did ask for a sign. Our patron St. Thomas too, needed signs to believe the resurrected Jesus. Mother Mary on the other hand, at such a tender age, when she confronted a similar incident, without yielding herself to her human rational thoughts, she submitted herself to God and consented. She believed in the fullness of God's

word because she never wanted to reduce the magnitude of her Creator's word to His creation's level. When we ourselves face trials and tribulations, we take a back seat and find ourselves drowning in the sea of disappointment, depression, indecisiveness, and inexplicable thoughts. In such turbulent times it is important to seek refuge in the Heart of Mary to stand firm in faith. As any mother's heart would have completely shattered upon seeing their child being taken down from the cross, Mother Mary's hope never differed in God that Jesus would resurrect. Despite her emotions, she held on to the faith, she had in God. Today we venerate her, as the mother of mankind.

## Mary - Sanctuary of Virtues

Moment of annunciation, visitation to Elizabeth, intercession in Cana and the strength with which she stands under the cross are few of the examples which exhibit Mother Mary's unwavering faith in God. As we read the Magnificat, we experience her humility, her divine adoration and profound faith in God. Nevertheless, she also had faced a set of shadows in her life. Escape to Egypt, prophecy of Simeon, witnessing own Son's passion and death was not easy for her. However, she was courageous, unshaken, and confident in her faith, to face all these difficulties in order to achieve her mission on earth. One of her best qualities that we can imbibe in us is her harmony with the word of God. In the wake of faith, she walked through Jesus' public life and became a participant in the salvation process. To the unknown judgements of God the Father, she remained silent and hopeful.

As we ponder into the qualities of Mother Mary and adopt her as the model of our Christian life, one thing we can learn is, she is at a height of grace which is beyond all our human comprehension. God loved her so much so that she had the privilege of giving birth to His son, our Lord Jesus. It is because of her infinite virtues that God the Holy Spirit has chosen Mother Mary to be the dispensatrix of all His virtues. It is through her that He showers His virtues, distributes His graces and flows His mercies abundantly. Devotion to such a mother who is the treasurer of Holy Spirit's gifts and fruits will nourish our faith and will strengthen us to bind us with her Son, enabling us to fight back all the challenges that life brings in. We should cry to her to lift us up when we are about to fall.

## Mary's Ornaments for Life

To hold on to our pilgrimage of faith, like any mother, she too asks us to observe a few disciplines. The brown scapular of Our Lady of Mount Carmel and the Rosary are the ornaments Mother Mary would like to have their children wear to fulfil the mission of pilgrimage of faith. Scapular is both a sign and pledge. It is a sign of belongingness to Mother Mary and a pledge that we assume for her motherly protection, not only in this life but after death. Pope John XXII had a vision of Our Lady granting that through her special intercession, Mary will come down to personally deliver the souls of Carmelites and Confraternity members out of purgatory on the first Saturday after their death ('Sabbatine privilege').

Although all of us are familiar with the fruits that reciting Rosary can bring into our life, it is important to realise that Rosary helps us to lead a prayerful life. Rosary is that mode of transport which allows those who wants to experience / reconcile or unite with God the Father. As we begin to say Rosary, the heaven prepares us to meet God the Father. Thus, by reciting Rosary, we set of our journey from Mother Mary to Jesus and then from Jesus to God the Father.

Jesus wants His Mother to be better known, more venerated and loved than she has ever been. Being consistent in prayers with the ornaments that she gave us, we shall be able to do so. Even though we have never seen Him with our eyes, in our hearts we will see Him if we consecrate His Mother. St. Bernardine says, "all gifts, virtues, and graces of the Holy Spirit are given by her hands, to whom she wills, when she wills, as she wills, and as much as she wills".

# പരിശുദ്ധ കന്യകാമറിയം മാതൃത്വത്തിന്റെ പൂർണ്ണത





Swapna Jose
St. Thomas Church, Dapodi

സ്ത്രീത്വവും മാതൃത്വവും വിലകുറഞ്ഞതായി കരുതപ്പെടുന്ന ഈ ആധുനികലോകത്തിൽ മാതൃത്വം ശ്രേഷ്ഠമാണെന്നും സ്ത്രീത്വം വിലയുറ്റതാണെന്നും മനസ്സിലാക്കുന്നതിന് പരിശുദ്ധ അമ്മയുടെ പക്കലേക്കു തിരിയാം. നമ്മുടെ മാതൃത്വത്തെ, അമൂല്യമാക്കാൻ, ഒരു നല്ല അമ്മയാകാൻ, നമുക്ക് എങ്ങനെ സാധിക്കും? വേറെങ്ങും പോകേണ്ട, പരിശുദ്ധ അമ്മയുടെ പക്കലേക്കു ചെല്ലാം. എന്തെന്നാൽ നമ്മിലൊരുവളായിരുന്നിട്ടും അവൾ മാതൃത്വത്തിന്റെ, പൂർണതയിലേക്ക് ഉയർത്തപ്പെട്ടവളാണ്. ഒരു സാധാരണ യഹൂദ സ്ത്രീ എങ്ങനെയാണ് സാർവലൗകികമായി പരിപൂർണ്ണമായ മാതൃത്വം എന്ന ശാശ്വത പദവിയാൽ സമ്മാനിതയായത്? ഉത്തരമിതാണ്: **“മിശിഹായെ ഗർഭം ധരിച്ച്, ജനിപ്പിച്ച്, പോറ്റി വളർത്തി പിതാവിന്റെ ആലയത്തിൽ സമർപ്പിച്ച് കുരിശിൽ മരിക്കുന്ന തന്റെ പുത്രനോടൊത്ത് പീഡയനുഭവിച്ച്, അനുസരണം, വിശ്വാസം, പ്രത്യാശ, ഉജ്ജ്വല സ്നേഹം എന്നിവ വഴി ആത്മാക്കളുടെ പ്രകൃത്യതീത ജീവൻ പുനരുദ്ധരിക്കാൻ വേണ്ടി രക്ഷകന്റെ പ്രവൃത്തിയോട് സർവദാ സവിശേഷമായ വിധം സഹകരിച്ചു. ഇക്കാരണത്താൽ, പ്രസാദ വരമണ്ഡലത്തിൽ നമ്മുടെ അമ്മയായി അവൾ പരിലസിക്കുന്നു” (തിരുസഭ : 61).**

പരിശുദ്ധ കന്യകാമറിയത്തിന്റെ പരിപൂർണ്ണ മാതൃത്വത്തിന്റെ സവിശേഷതകളെ കണ്ടെത്താനുള്ള ഔദ്യോഗിക ഉറവിടങ്ങളാണ് വി. ഗ്രന്ഥവും തിരുസഭാ പഠനങ്ങളും.

### 1. വിശുദ്ധ ഗ്രന്ഥം:

പരിശുദ്ധ കന്യകാമറിയത്തെ പരിപൂർണ്ണ മാതൃത്വത്തിലേക്കു ഉയർത്തിയ നാലു ഘടകങ്ങൾ വി. ഗ്രന്ഥത്തിൽ നമുക്കു കണ്ടെത്താനാവും.

### A. മറിയത്തിന്റെ ദൈവ മാതൃത്വം:

**മറിയം പറഞ്ഞു : ‘ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ’ (ലൂക്കാ 1 : 38)** പരിശുദ്ധ കന്യകാമറിയം, പിതാവായ ദൈവത്തിന്റെ രക്ഷാകരപദ്ധതിക്ക് **ഇതാ ഞാൻ** ചൊല്ലിയത് മുതൽ പരിശുദ്ധാത്മാവിന്റെ, കൃപയാൽ ഈശോമിശിഹായുടെ മാതാവായി, ദൈവമാതാവ് എന്ന പദവിയാൽ അലങ്കരിക്കപ്പെട്ടു.

നമുക്കു ദൈവം ദാനമായി നല്കിയ ഈശോയെ മറ്റുള്ളവരുടെ ഹൃദയത്തിൽ ജനിപ്പിക്കുവാൻ നാമും കടപ്പെട്ടവരല്ലേ? ഒരു കുടുംബിനി എന്ന നിലയിൽ ഭർത്താവിന്റെയും മക്കളുടെയും ചുറ്റുമുള്ള ഓരോരുത്തരുടെയും ഹൃദയത്തിൽ ഈശോ ഉരുവാകുന്നതുവരെ പ്രസവവേദന അനുഭവിക്കുവാൻ തയ്യാറാകുമ്പോൾ നിന്റെ കുടുംബം തിരുകുടുംബമാകും. ഇതിനായി ഒന്നേ വേണ്ടൂ, നമ്മുടെ ഇഷ്ടങ്ങൾ മാറ്റിവച്ച് ദൈവത്തിന്റെ ഇഷ്ടം നിറവേറണമെന്ന വാശിയോടെ അവിടുത്തെ തിരുമുമ്പിൽ ഇതാ ഞാൻ എന്നു പറയുക.

### B. പരിശുദ്ധ കന്യകാമറിയത്തിന്റെ ആദ്ധ്യാത്മിക മാതൃത്വം:

മിശിഹായിൽ രക്ഷിക്കപ്പെട്ടവരുടെ അമ്മയായിരിക്കേണ്ടതിനു സർവ്വശക്തനായ ദൈവം മറിയത്തിനു പ്രദാനം ചെയ്ത ഒരു അതിസ്വാഭാവിക ദാനവും ഉന്നത വരവും ശാശ്വത പദവിയുമാണ് ആദ്ധ്യാത്മിക മാതൃത്വം. തങ്ങളുടെ ഇഷ്ടവഴിക

ളിൽ ചരിക്കുവാൻ തടസ്സം നില്ക്കുന്ന ദൈവത്തെ സൗകര്യപൂർവ്വം മറന്നു നിരീശ്വരത്വത്തിന്റെയും അധാർമ്മികയുടെയും വഴിയിലൂടെ കുതിക്കുന്ന മക്കൾക്കു വിശ്വാസത്തിന്റെ നേർവെട്ടം തെളിക്കുവാൻ മിശിഹായുടെ ശരീരമായ സഭയുടെ രക്ഷാകരപ്രവർത്തനങ്ങളിൽ നാമും പങ്കാളികളാകേണ്ടിയിരിക്കുന്നു. എങ്ങനെ നമുക്കു പരിശുദ്ധ അമ്മയുടെ ആദ്ധ്യാത്മിക മാതൃത്വത്തിൽ പങ്കുചേരാനാവും?

### പരിശുദ്ധ കന്യകാമറിയത്തിന്റെ ആദ്ധ്യാത്മിക മാതൃത്വത്തിനു വിവിധ തലങ്ങളുണ്ട്.

1. **സഹരക്ഷാകര മാതൃത്വം** : ഈശോയോടൊപ്പം പരിശുദ്ധ കന്യകാമറിയവും രക്ഷാകര കർമ്മത്തിൽ നേരിട്ട് പങ്കാളിയായിരുന്നു.

കടുത്ത സഹനത്തിലും അടിപതറാത്ത വിശ്വാസജീവിതം നയിച്ചുകൊണ്ട് നമുക്കും സഹരക്ഷകരാകാം.

2. **മാദ്ധ്യസ്ഥ്യ മാതൃത്വം:** നമുക്കുവേണ്ടി ദൈവതിരുമനസ്സിനു മുമ്പാകെ മാധ്യസ്ഥ്യം വഹിക്കുന്നവളാണ് പരിശുദ്ധ കന്യകാമറിയം.

നമ്മെ ദൈവം ഭരമേല്പിച്ചവർക്കുവേണ്ടി മടുപ്പുകൂടാതെ കരങ്ങൾ വിരിച്ചുകൊണ്ട് മാദ്ധ്യസ്ഥ്യത്തിന്റെ മാതാവാകാം..

3. **പ്രസാദവര വിതരണത്തിന്റെ, മാതൃത്വം:**

കൃപാവരങ്ങളുടെ വിതരണത്തിൽ മറിയത്തിന്റെ സ്വാധീനത്തെയും മാദ്ധ്യസ്ഥ്യത്തെയും കുറിച്ച് വിശുദ്ധ ബെർണാദ് നമ്മെ പഠിപ്പിക്കുന്നത് ഇപ്രകാരമാണ് **"ദൈവത്തിന്റെ തിരുവിഷ്ടം അവിടുത്തെ കൃപാവരങ്ങൾ എല്ലാം മറിയത്തിലൂടെ നമുക്ക് നൽകണം എന്നതാണ്. നമ്മിൽ എന്തെങ്കിലും പ്രത്യാശയോ, കൃപയോ, രക്ഷയുടെ അംശമോ ഉണ്ടെങ്കിൽ അത് മറിയത്തിൽ നിന്നാണ് വരുന്നത് എന്ന് മനസ്സിലാക്കിതരാനാണ് അത്."**

നമുടെ പ്രിയപ്പെട്ടവർ കൂദാശകളിൽ പങ്കെടുത്തുകൊണ്ട് കൃപാവരങ്ങൾ സ്വീകരിക്കുന്നു എന്ന് ഉറപ്പാക്കി പ്രസാദവരത്തിന്റെ വിതരണക്കാരായി നമുക്കും മാറാം..

### C. തിരുസഭാ മാതൃത്വം

1. **മനുഷ്യാവതാരത്തിൽ**

**"സഭ അവന്റെ ശരീരമാണ്. എല്ലാ വസ്തുക്കളിലും സകലവും പൂർത്തിയാക്കുന്ന അവന്റെ പൂർണ്ണതയും ആണ്" (എഫേ : 1, 23).**

സഭ മിശിഹായുടെ ശരീരമാണല്ലോ. അതുകൊണ്ട് മിശിഹായെ ഗർഭം ധരിച്ച നിമിഷത്തിൽ തന്റെ അമ്മ അവിടുത്തെ ശിഷ്യരായ നമ്മെ ഓരോരുത്തരെയും ഗർഭം ധരിച്ചിരുന്നു. ലോകരക്ഷകനും പാപവിമോചകനും ആത്മാക്കളെ വീണ്ടെടുക്കുന്നവനുമായ ഈശോമിശിഹായ്ക്കു ഭൗതിക ജന്മം നൽകിയതിനോടൊപ്പം മിശിഹായുടെ ശരീരമാകുന്ന നമുക്കെല്ലാവർക്കും ഈശോയിൽനിന്ന് ആദ്ധ്യാത്മിക ജീവനും കൃപാവരങ്ങളും ലഭ്യമാക്കുന്നു.



2. **കാനായിലെ കല്യാണ വിരുന്ന് :**

സമകാലിക മരിയൻ ശാസ്ത്രജ്ഞരും സുവിശേഷ വ്യാഖ്യാതാക്കളും കാനായിലെ കല്യാണ വിരുന്നിൽനിന്ന് ഉത്ഭവിച്ച വിശ്വാസമായിരുന്നു ആദിമ സഭയുടെ അടിസ്ഥാനം എന്നു സൂചിപ്പിക്കുന്നു. പരിശുദ്ധ കന്യകാമറിയം ദൈവപുത്രന്റെ മുമ്പിൽ ശക്തയായ മദ്ധ്യസ്ഥയായിരുന്നുവെന്ന് കാനായിലെ കല്യാണം നമുക്കു തെളിയിച്ചു തരുന്നു. ഈ ആദ്യ അത്ഭുതം വഴി മിശിഹാശിഷ്യരെ വിശ്വാസത്തിൽ ഉറപ്പിച്ച് സഭയുടെ ആദ്യ അംഗങ്ങളാക്കിത്തീർത്തു.

3. **കാൽവരിയിൽ**

**"അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു" (യോഹന്നാൻ 19 : 27)**

കുരിശിൻ ചുവട്ടിൽ നിന്ന പ്രിയ ശിഷ്യൻ യോഹന്നാനെ ആശ്വസിപ്പിക്കാനും മുമ്പോട്ടുള്ള എല്ലാ ക്രിസ്തു ശിഷ്യരുടെ ജീവിതത്തിനു ആത്മവിശ്വാസവും ദൈവഹിതം പൂർത്തീകരിക്കുന്നതിനു ആവശ്യമായ കൃപയും കൊടുക്കുവാനും ദൈവപുത്രൻ സഹായമായി നൽകിയത് തന്റെ സ്വന്തം അമ്മയെ ആണ്. അങ്ങനെ പരിശുദ്ധ കന്യകാമറിയം ശിഷ്യഗണത്തിന്റെ ആത്മീയ മാതാവായി.

സാർവ്വത്രികസഭയെ, സഭയുടെ ചെറിയ പതിപ്പായ ഇടവകയെ സ്വന്തം കുടുംബമായി കണ്ടുകൊണ്ട് ആവശ്യക്കാരിലേക്കും പാർശ്വവത്കരിക്കപ്പെട്ടവരിലേക്കും കണ്ണുകളുയർത്തുവാൻ കാലിത്തൊഴുത്തു മുതൽ കാൽവരിവരെ പുത്രനാൽ അടുത്തനുഗമിച്ച പരിശുദ്ധ അമ്മ നമ്മെ പ്രചോദിപ്പിക്കട്ടെ.

## D. പരിശുദ്ധ കന്യകാമറിയത്തിന്റെ സാർവ്വത്രിക മാതൃത്വം

"മനുഷ്യ പരിത്രാണത്തിൽ അമ്മേ, നീ വഹിക്കാൻ പോകുന്ന പങ്ക് സൂചിപ്പിക്കാൻ **ഞാൻ നിനക്ക് ഒരു പുതിയ പേര് തരികയാണ്: സ്ത്രീ, ഇതു നിന്റെസാർവത്രിക മാതൃത്വം ദ്യോതിപ്പിക്കും". (ഫുൾടെൻ ജെ ഷീൻ)**

മനുഷ്യരക്ഷയ്ക്കായുള്ള ദൈവിക പദ്ധതിയിൽ മറിയം തന്റെ സമ്പൂർണ്ണ സഹകരണം നൽകി. മംഗളവാർത്തയിൽ ആരംഭിച്ച രക്ഷാകരകർമ്മത്തിന്റെ പൂർത്തീകരണമായിരുന്നു കാൽവരിയിലെ ബലി. പുത്രൻ തന്റെ വേദനകളിലും യാതനകളിലും മരണത്തിലും ദൈവപിതാവിന്റെ ഇഷ്ടത്തിനു കീഴ്‌വഴങ്ങിയതു പോലെ പരിശുദ്ധ അമ്മയും പിതാവായ ദൈവത്തിനു അനുരൂപയായ ബലിയായി തീർന്നു.

കാൽവരിയുടെ നിറുകയിൽ ഇതാ നിന്റെ അമ്മ എന്നു പറഞ്ഞ് സ്വന്തം അമ്മയെപ്പോലും നമുക്കു പങ്കുവച്ച കരുണാമയനായ ഈശോനാഥൻ ഇടയനില്ലാത്ത ആടുകളെപ്പോലെ അലയുന്ന നാമാകുന്ന അജഗണത്തിനു നീട്ടിനല്കിയ പുതുജീവന്റെ വടിയല്ലേ പരിശുദ്ധ കന്യകാമറിയം. അപ്പോൾ നമുക്കു വേണ്ടി ദൈവതിരുമുമ്പിൽ മാധ്യസ്ഥ്യം വഹിക്കുന്ന പരിശുദ്ധ അമ്മയെ നമ്മുടെ കുടുംബത്തിന്റെ ഉറങ്ങാത്ത കാവൽക്കാരിയാക്കാൻ നാമെന്തിനു മടിക്കുന്നു?

രണ്ടാം വത്തിക്കാൻ കൗൺസിൽ പരിശുദ്ധ അമ്മയുടെ സാർവത്രിക മാതൃത്വം ഉയർത്തിക്കാണിച്ച് ഇങ്ങനെ പ്രസ്താവിച്ചു. '**കൃപാവരങ്ങളുടെ ക്രമത്തിൽ അവൾ സർവരുടെയും അമ്മയായി.**'



### 2. തിരുസഭാ പഠനങ്ങൾ

**മരണാസന്നനായ രക്ഷകൻ, ശ്രേഷ്ഠ ശിഷ്യനിലൂടെ സഭയുടെ എല്ലാ പുത്രീപുത്രന്മാരെയും, സ്ത്രീയെ ഇതാ നിന്റെ മകൻ എന്നു പറഞ്ഞു കൊണ്ട് മറിയത്തെ ഏൽപ്പിച്ചു (റോസേരിയം വിർജീനിസ് മരിയേ, 7: John Paul II)**

ക്രിസ്തു ശിഷ്യന്മാരുടെ കൂട്ടായ്മയായ തിരുസഭയുടെ എല്ലാ മക്കളെയും വളർത്താനും സംരക്ഷിക്കാനും ഉള്ള വലിയ ഉത്തരവാദിത്വം പരിശുദ്ധ കന്യകാമറിയത്തിനുണ്ട്. സമരസഭ, സഹനസഭ, വിജയസഭ എന്നീ മൂന്നു സഭകളുടെയും അമ്മയാകാൻ കന്യകാമറിയത്തിനു യോഗ്യത നൽകുന്നത്, പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവം, നിത്യ കന്യാത്വം, ദൈവമാതൃത്വം എന്നീ സവിശേഷതകളാണ്.

നിരവധി ദൈവശാസ്ത്രജ്ഞൻമാർ കാനായിലെ കല്യാണവിരുന്നിനെ 'ഈശോയുടെ മനുഷ്യവതാരം മുതൽ അവിടുത്തെ രണ്ടാം വരവുവരെയുള്ള രക്ഷാകര ചരിത്രത്തിന്റെ പ്രതീകമായി പ്രതിപാദിച്ചിരിക്കുന്നു. അങ്ങനെ ഈശോമിശിഹായിലുള്ള വിശ്വാസം മൂലം വിശുദ്ധീകരിക്കപ്പെട്ട സകലരുടെയും മാതാവായി മറിയം തീരുകയായിരുന്നു (Hugo Rahner, Our Lady and the Church, 2005). ഫുൾടെൻ ജെ ഷീൻ കാനായിലെ അത്ഭുതത്തെ വിവരിക്കുമ്പോൾ പരിശുദ്ധ കന്യകാമറിയം സഭയുടെ അമ്മയാണ്, സർവ്വ മനുഷ്യരുടെയും അമ്മയാണെന്നു അവതരിപ്പിക്കുന്നു. 1964 നവംബർ 21 ന് **പോൾ ആറാമൻ മാർപാപ്പ പരിശുദ്ധ കന്യകാമറിയത്തെ തിരുസഭയുടെ മാതാവെന്നു ഔദ്യോഗികമായി പ്രഖ്യാപിക്കുകയുണ്ടായി.**

ബഹുമാനപ്പെട്ട ജോസ് ഉപ്പാണിഅച്ചൻ "മഹോന്നതയായ പരിശുദ്ധകന്യകാമറിയം" എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് പോലെ **''ഭൂമിയിലെ എല്ലാ അമ്മമാരും തങ്ങളുടെ മക്കൾക്കുവേണ്ടി സഹിക്കുകയും അവരെ തീറ്റി പോറ്റുകയും അവർക്കുവേണ്ടി വാദിക്കുകയും ചെയ്യുക സ്വാഭാവികമാണ്. അതുപോലെ മനുഷ്യകുലം മുഴുവന്റെയും ആദ്ധ്യാത്മിക മാതാവായ പരിശുദ്ധ മറിയവും ഭൂലോകവാസികളായ തന്റെ മക്കൾക്കു എല്ലാവർക്കും വേണ്ടി ഈ മൂന്നു ദൗത്യങ്ങളും നിർവഹിക്കുന്നു. നമുക്കു ഓരോരുത്തർക്കും മാതൃത്വത്തിന്റെ പരിപൂർണ്ണതയായ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം അപേക്ഷിക്കുകയും വിശുദ്ധിയിൽ ജീവിക്കാനുള്ള കൃപാവരം പ്രാപിക്കുകയും ചെയ്യാം".**

അന്ധകാരത്തിന്റെ, വഴിയിൽ ധൈര്യത്തിന്റെ അടയാളമായ ജപമാല കരങ്ങളിലേന്തുവാൻ നമുക്കും പ്രതിജ്ഞ ചെയ്യാം. വിശുദ്ധിയാകുന്ന മേലങ്കി കൊണ്ട് പരിശുദ്ധ അമ്മ നമ്മുടെ ജീവിതങ്ങളെ പുതപ്പിക്കട്ടെ.



# ദൈവഹിതം നിറവേറ്റിയ അമ്മ



Somini Winson
Holy Trinity Church, Thane

**ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! (ലൂക്കാ. 1:38)**

പരിശുദ്ധ അമ്മയുടെ സുകൃതങ്ങളെ പറ്റി ധ്യാനിക്കുമ്പോൾ നമ്മുടെ മനസ്സിൽ കടന്നു വരുന്ന ഏറ്റവും പ്രസക്തമായ വചനഭാഗമാണ് ലൂക്കാ. 1:38. പാപത്താൽ ദൈവത്തിൽ നിന്നുമകന്ന, മാനവകുലത്തിന്റെ രക്ഷയ്ക്കായി, അഖിലാണ്ഡമണ്ഡലത്തിന്റെ ഉടയവന്, വാഗ്ദാനപ്രകാരവും, പ്രവചനങ്ങളുടെ പൂർത്തികരണത്തിനുമായി, തന്റെ വത്സലപുത്രന് ഈ ഭൂവിൽ ജന്മം എടുക്കുവാനായി, തന്റെ ഉദരം ആവശ്യപ്പെട്ടപ്പോൾ, യഹൂദ പാരമ്പര്യങ്ങളും, തന്റെ തീരുമാനം വഴി ഉണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങളും, അതിന്റെ പരിണിതഫലങ്ങളും നന്നായി അറിയാമായിരുന്നിട്ടും നസ്രത്തിലെ കന്യക, നമ്മുടെ അമ്മ ദൈവഹിതത്തിനു മുമ്പിൽ നമ്രശിരസ്ക്കയായി.

മറിയത്തെപറ്റി ധ്യാനിക്കുമ്പോൾ, കാലിത്തൊഴുത്തു മുതൽ കാൽവരിയിൽ രക്ഷകന്റെ അമ്മയായി മാറുന്നതുവരെ, ജീവിതത്തിൽ വ്യത്യസ്തമായ അനുഭവങ്ങളുടെ വേലിയേറ്റങ്ങളിലൂടെയാണല്ലോ കടന്നുപോയത്.

## ദൈവഹിതം നിറവേറ്റിയ അമ്മ ബൈബിളിൽ

ലോകരക്ഷകൻ, യൂദയായിലെ ബെത്ലെഹമിൽ ജനിക്കണം എന്ന പ്രവചനങ്ങളുടെ സാക്ഷാത്ക്കാരത്തിനായി പൂർണ്ണഗർഭിണിയായ മറിയം ഒരു പരാതിയും പറയാതെ ബെത്ലെഹമിലേക്ക് യാത്രയായി. അവിടെ എത്തിയപ്പോൾ ആകട്ടെ, തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിക്കുവാനായി, ഘോരമായ രാത്രിയിൽ സത്രങ്ങൾ തോറുമുള്ള നെട്ടോട്ടം. എന്തിനേറെ, ഹേറോദോസ് രാജാവ് തന്റെ തിരുക്കുമാരനെ വധിക്കുവാൻ പദ്ധതിയിട്ടിരിക്കുന്നതിനാൽ ഈജിപ്തിലേക്ക് പലായനം ചെയ്യാൻ നിർബന്ധിതയായപ്പോഴും, നമ്മുടെ അമ്മ, പരാതിയോ പരിഭവമോ പറഞ്ഞില്ല പീന്നിട്, ഇസ്രായേലിലേക്ക് മടങ്ങാൻ നിർദ്ദേശം ലഭിച്ചപ്പോഴും അമ്മ ഒരു പരാതിയും പറയാതെ എല്ലാം ദൈവഹിതമാണെന്നു മനസ്സിലാക്കി, ദൈവിക പദ്ധതിയോട് പൂർണ്ണമായും സഹകരിക്കുകയായിരുന്നു.

തന്റെ തിരുക്കുമാരൻ വളർന്നു പരസ്യജീവിതത്തിലേക്ക് പ്രവേശിച്ച അവസാനത്തെ മൂന്നുവർഷക്കാലം സംഭവവിപുലമായ പ്രതിഭാസങ്ങളിലൂടെ കടന്നു പോയപ്പോഴും അമ്മ എല്ലാത്തിനും മൂകസാക്ഷിയായി തന്റെ മകന്റെ നിഴലായി നിന്നു. ആ ജൈത്രയാത്ര കാൽവരിയിലെ കുരിശു വരെ നീണ്ടു. അവസാനം തന്റെ തിരുക്കുമാരന്റെ ചേതനയറ്റ ശരീരം കുരിശിൽ നിന്നും ഇറക്കി മടിയിൽ കിടത്തിയപ്പോഴും എല്ലാ വിഷമങ്ങളും ഉള്ളിൽ ഒതുക്കി ഒരു പരാതിയും പറയാതെ രക്ഷാകരപദ്ധതിയോട് പൂർണ്ണമായും സഹകരിക്കുകയായിരുന്നു അമ്മ. പീന്നിട് ചിതറിപ്പോയ അപ്പോസ്തലൻമാരെയും, ശിഷ്യഗണത്തെയും, ഒന്നിപ്പിച്ച് പ്രാർത്ഥനയുടെ കൂട്ടായ്മയിൽ ആയിരിക്കുവാൻ മുൻകൈ എടുത്തതും അമ്മ തന്നെ. **അമ്മ സഭയിലൂടെ ഇന്നും തന്റെ കർമ്മപദ്ധതി തുടർന്നു കൊണ്ടേയിരിക്കുന്നു. തന്നിലേക്കു അണയുന്ന ഓരോ ദൈവ പൈതലും നഷ്ടപ്പെടാതെ തന്റെ പുത്രന്റെ പക്കലേക്ക് നയിക്കുക എന്ന വലിയ പദ്ധതി. ചുരുക്കത്തിൽ വചനത്തിലൂടെ കടന്നുപോകുമ്പോൾ പിതാവിന്റെ ഹിതം നിറവേറ്റുവാൻ പുത്രനെ ഒരുക്കുകയായിരുന്നു. പരി. അമ്മ. ദൈവവചനം പരി. അമ്മയിലൂടെ നിറവേറുകയായിരുന്നു.**

Today, Mother Mary continues her great mission through the church. Her great mission is to lead each and every children of God who comes close to her towards her son. *In short, while going through the Word of God, the Mother Mary was preparing her son to accomplish the desire of Almighty God and the Word of God was fulfilled through Mary, the Mother of Jesus.*

### ദൈവഹിതം ആധുനിക മനുഷ്യരിൽ

21–ാം നൂറ്റാണ്ടിന്റെ, മാനവികതയിൽ മുഴുകി ജീവിക്കുന്ന നമ്മെ സംബന്ധിച്ചിടത്തോളം, ജീവിതത്തിൽ പ്രതികൂലമായ സാഹചര്യങ്ങളും, പ്രതിസന്ധികളും, ആകുലതകളും ഒക്കെ ഉണ്ടാകുമ്പോൾ, അത് ദൈവഹിതമാണ് എന്ന് ഉൾക്കൊള്ളാതെ, തന്നിലൂടെ പൂർണ്ണമാകേണ്ട ദൈവീക പദ്ധതിയാണത് എന്നു തിരിച്ചറിയാതെ സ്വയം പരിഭവിച്ചും, ദൈവത്തെയും, മറ്റുള്ളവരെയും പഴിചാരി ജീവിക്കുന്നവരെയാണ് നാം കാണുക. അവയുടെ മോചനത്തിനായി നാം ആശ്രയിക്കുന്നതോ മദ്യം, മയക്കുമരുന്ന്, മറ്റു ലഹരികൾ എന്നിവ അല്ലേ? ഇന്ന് നമ്മുടെ വിശ്വാസസമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയും ഇതു തന്നെയല്ലേ? നമ്മുടെ വിശ്വാസസമൂഹത്തിന്, പ്രത്യേകിച്ച് യുവതലമുറയ്ക്ക് വിഷമസന്ധികളെയും, സഹനങ്ങളെയും നേരിടാൻ ഉള്ള ത്രാണി നഷ്ടമായിക്കൊണ്ടിരിക്കുന്നു. വർദ്ധിച്ചു വരുന്ന ആത്മഹത്യാപ്രവണതകളും, മറ്റു പാപകരമായ ജീവിതസാഹചര്യങ്ങളും, ഇതിന്റെ പരിണിതഫലമല്ലേ എന്ന് ചിന്തിച്ചുപോകുന്നു.

### പ്രതിസന്ധികളെ ദൈവഹിതമെന്നു മനസ്സിലാക്കി എങ്ങനെ മുന്നേറാം

ലോകത്തിൽ ഏതൊരു സ്ത്രീയും അനുഭവിച്ചിട്ടുള്ളതിലേറെ ആത്മനൊമ്പരങ്ങൾ ഹൃദയത്തിൽ ഏറ്റു വാങ്ങിയിട്ടുള്ളവൾ ആണ് പരി. അമ്മ. ദു:ഖത്തിന്റെയും, ആത്മസംഘർഷങ്ങളുടെയും വഴിയെ യാത്ര ചെയ്യുന്നവർക്കും, ഒരു പക്ഷേ, അതിനായി വിധി ഏൽപിച്ചു കൊടുത്തിട്ടുള്ളവർക്കുള്ള ആദ്യ രൂപമാണ് പരി. അമ്മ.

ഇവിടെയാണ് മോണിക്കാ പുണ്യവതിയുടെ ജീവിതാനുഭവങ്ങൾ നമുക്ക് മാതൃകയാക്കേണ്ടത്. 33 വർഷം പാപസാഹചര്യങ്ങളിൽ ജീവിച്ച സ്വന്തം മകൻ അഗസ്റ്റിൻ അൾത്താരകളിൽ വണങ്ങുന്ന വി. അഗസ്റ്റിനായി തീർന്നത് ഒരമ്മയുടെ നീണ്ട 15 വർഷത്തെ കണ്ണീരിൽ കുളിച്ചുള്ള പ്രാർത്ഥനയാണെന്ന് നാം ഓർക്കുക. പൗലോസ് ശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നു. **"നിങ്ങൾ ലോകത്തിന് അനുരൂപരാവരുത്, പ്രത്യുത നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും, നല്ലതും പ്രീതിജനകവും പരിപൂർണ്ണവും ആയത് എന്തെന്നും തിരിച്ചറിയുവാൻ അതു നിങ്ങളെ സഹായിക്കും".** (റോമ:12:2)

Romans Ch.12.2 St. Paul says "Do not be conformed to this World, but to be transformed by the renewing of your minds. So that you may discern what the will of God- What is Good and acceptable and perfect"

**പ്രാർത്ഥനാനിർഭരമായ കുടുംബാന്തരീക്ഷവും, വചനാധിഷ്ഠിതമായ ജീവിത സാഹചര്യങ്ങളും ദൈവഹിതം മനസ്സിലാക്കുവാനും, നല്ലതും, ദൈവത്തിന് പ്രീതിജനകവുമായ തിരഞ്ഞെടുക്കുവാനും, നൂറുമേനി ഫലം പുറപ്പെടുവിപ്പിക്കുവാനും നമ്മെ പ്രാപ്തരാക്കുന്നു.**

*Prayerful family environments and a life according to the Word of God enable us to discern God's Will and to choose the things pleasing to God which will help us to produce hundreds of fruits.*

**വി. തോമസ് അക്വീനാസ് നമ്മെ ഓർമ്മിപ്പിക്കുന്നു. "നാവികർക്ക് ദിശ കാണിക്കുന്ന കടലിലെ പ്രകാശഗോപുരം പോലെയാണ്, ക്രൈസ്തവർക്ക് ഇഹലോകമാകുന്ന തീർത്ഥാടനത്തിൽ പരി. അമ്മ". കാൽവരിക്കുന്നിൽ തന്റെ അന്തിമ ദാനമായി കർത്താവ് തന്റെ അമ്മയെ ലോകത്തിനു മുഴുവൻ അമ്മയായി നൽകി. ആത്മസംഘർഷങ്ങളുടെ മദ്ധ്യേ അവ്യക്തമായ പാതേ നടന്നു നീങ്ങുന്നവർക്ക് നാഥൻ നൽകിയ ദാനം! ആ അമ്മയാകുന്ന ദാനം നമുക്ക് ശക്തിയേകുന്നു. അവൾ നമ്മെ സമാധാന തുറമുഖത്ത് എത്താൻ സഹായിക്കുന്നു.**

'St. Thomas Aquinas' reminds us that, as the mariners are guided in the sea by beacon of light, like that; Christians in their pilgrimage to heaven are guided by Holy Mother. As we know, at Calvary Jesus gave his beloved mother as the 'Mother to the Whole humanity' as his final gift. *Mother Mary is the gift given by the Son for all who walks indistinctly in the midst of conflicts and she gives us the power to overcome all hardships and she will help us to reach the harbour of peace that is 'Heaven'.*

ഇരുൾ മൂടിയ ദിനങ്ങളും, പ്രത്യാശയറ്റ മണിക്കൂറുകളും ഫലം തരാത്ത വത്സരങ്ങളും നമ്മെ തളർത്തുമ്പോൾ പരി. അമ്മയേപ്പോലെ **"ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ"** എന്ന് പറഞ്ഞ് ദൈവിക ഇടപെടലുകൾക്ക് മുമ്പിൽ കൈകൂപ്പാൻ നമുക്കായാൽ നമ്മുടെ ജീവിതം ധന്യമാകും. അതിനായി അമ്മ നമുക്കേകിയ, ഏറ്റവും ശക്തമായ ആയുധമായ എല്ലാ കുരുക്കുകളും അഴിക്കാൻ ശക്തിയുള്ള ജപമാല നമുക്ക് കൈകളിലേന്താം.

**പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം നമുക്കപേക്ഷിക്കാം.**

# പരി. അമ്മയുടെ ഈശോയോടൊപ്പമുള്ള ജീവിതം



Rexy Sanish
St. Alphonsa Forane Church, Kalewadi

**"ജപമാലയെന്നതിന്റെ അർത്ഥം മറിയത്തിന്റെ ജീവിതമണ്ഡലത്തിൽ തങ്ങിനിൽക്കുകയെന്നതാണ് –അതിന്റെ ഉള്ളടക്കമാകട്ടെ ക്രിസ്തു ആണ്". – (റൊമാനോ ഗ്വാർദിനി, 1885 – 1968)**

ഇരുപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കത്തോലിക്കാസഭയിലെ പ്രസിദ്ധനായ ദൈവശാസ്ത്ര അദ്ധ്യാപകനും പുരോഹിതനുമായിരുന്ന ഫാ. റൊമാനോ ഗ്വാർദിനി കുറിച്ചിട്ട ഈ വാക്കുകൾ പരി. അമ്മയുടെയും ഈശോയുടെയും ജീവിതം എപ്രകാരം അവഗാഢം ഐക്യപ്പെട്ടിരിക്കുന്നു എന്ന് വെളിവാക്കുന്നവയാണ്. ജപമാലയിലെ ഓരോ മണികളും പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നതു പോലെ മറ്റൊരാൾക്കും സാദ്ധ്യമാകാത്തവിധം പരി. അമ്മയുടെയും ഈശോയുടെയും ജീവിതങ്ങൾ ഉൾച്ചേർക്കപ്പെട്ടിരിക്കുന്നു.

ഹൃദയവിശുദ്ധിയുള്ളവർക്ക് ദൈവവുമായുള്ള കൂടിച്ചേരൽ സാദ്ധ്യമാകുന്നതുപോലെ പരി. അമ്മയുടെ നിർമ്മലതയും അവിഭജിതവുമായ സ്നേഹം ഈശോയോടൊത്ത് ജീവിക്കുന്നതിന് അവസരമൊരുക്കി.

**ഈശോയുടെ ജനനവും പരി. അമ്മയും**

**"നിന്റെ വാക്ക് പോലെ എന്നിൽ ഭവിക്കട്ടെ". (ലൂക്കാ. 1 : 38)**

ദൈവപുത്രനെ ഗർഭം ധരിക്കുമെന്ന മാലാഖയുടെ വചനത്തോട് മറിയം സ്വതന്ത്രസമ്മതം നൽകിയ ആ ചരിത്രപ്രധാനമായ നിമിഷം മുതൽ പരി. അമ്മ ഈശോയോടൊപ്പം തന്റെ യാത്ര തുടങ്ങികഴിഞ്ഞിരുന്നു. യഹൂദമത പാരമ്പര്യങ്ങളുടെ കാർക്കശ്യ



ത്തിൽ, ഒരു ദൈവാലയ അന്തരീക്ഷത്തിൽ ജീവിച്ചു വന്ന മറിയത്തിന് വിവാഹം നടത്തുന്നതിനു മുമ്പുണ്ടായ ഗർഭധാരണം മൂലം സമൂഹമദ്ധ്യേ തനിക്കെതിരെ ഉണ്ടാകാൻ പോകുന്ന വിവാദങ്ങളെക്കുറിച്ച് നന്നായി അറിയാമായിരുന്നു. ആ മാനസിക സംഘർഷങ്ങളെ അവൾ മറികടന്നത് തീർച്ചയായും നിഷ്കളങ്കമായ ദൈവാശ്രയബോധവും അവിടുത്തെ ഉടമ്പടികളിലുള്ള വിശ്വാസവും കൊണ്ടു മാത്രമാണ്. ദൈവം തന്റെ ഗാഢമായ സൗഹൃദം മനുഷ്യനു അനുഭവവേദ്യമാക്കി കൊടുക്കുവാൻ, ക്രിസ്തുവിൽ മനുഷ്യനായി മറിയത്തിന്റെ ഉദരത്തിൽ രൂപപ്പെട്ട നാൾ മുതൽ കുരിശുകളും സഹനങ്ങളും സമ്മാനമായി ലഭിച്ചു. പരി. അമ്മയ്ക്ക് യഥാർത്ഥ സ്നേഹം രൂപപ്പെടുന്നത് എപ്പോഴും സഹനങ്ങളിലൂടെയും വേദനകളിലൂടെയും കടന്നുപോകുമ്പോഴായിരുന്നു. വിശുദ്ധാത്മാക്കൾ സഹനങ്ങളും ദുരിതങ്ങളും തങ്ങളുടെ ശരീരത്തിലും മനസ്സിലും ദൈവസന്നിധിയിൽനിന്നു ചോദിച്ചു വാങ്ങുന്നത് ദൈവസ്നേഹത്തിലുള്ള ആത്മലയനത്തിനുവേണ്ടിയാണ്. പരി. അമ്മയും ഈശോയെ ഉദരത്തിൽ സംവഹിച്ചപ്പോൾ അത്തരമൊരു ആനന്ദമായിരുന്നു അനുഭവിച്ചത്. ബെത്ലെഹമിലെ ചെറിയ പുൽക്കൂട്ടിൽ ദൈവം ഒരുക്കിയ മഹാത്ഭുതത്തിലേയ്ക്ക് അടുക്കുവാൻ പരി. അമ്മ സഹിച്ച സഹനങ്ങൾ ചിന്തകൾക്കും വാക്കുകൾക്കുമതീതമാണ്.

സ്വയം ശൂന്യമാക്കപ്പെടുന്നിടത്തു മാത്രമേ ദൈവത്തിനു പ്രവർത്തിക്കുവാൻ അവസരം ലഭിക്കുന്നുള്ളൂ. സ്വയം ഇല്ലാതാവുമ്പോഴുള്ള ശൂന്യതയെ ദൈവമഹത്വംകൊണ്ടു നിറച്ച് അവിടെ ഈശോയ്ക്ക് വളരാൻ പരി. അമ്മ ഇടം നൽകി.

**"ഓരോ ദിവസവും ക്രൈസ്തവർ ഒരോ സമരം നേരിടുന്നു. യൂദയായിലെ മരുഭൂമിയിൽ ക്രിസ്തു നേരിട്ട പോലുള്ള സമരം"**

ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പയിലൂടെ നാം കേട്ട ഈ വാക്കുകൾ ധ്വനിപ്പിക്കുന്നത്. പാപപ്രലോഭനങ്ങൾക്കെതിരെയുള്ള ഓരോ ക്രൈസ്തവന്റെയും ആദ്ധ്യാത്മിക യുദ്ധമാണ്. നമ്മുടെ ജീവിത സമരങ്ങളിലും സഹനങ്ങളിലും പരി. അമ്മയെ പോലെ "ഇതാ കർത്താവേ ഞാൻ ..." എന്ന് പറയാൻ പറ്റുന്ന ഒരു സമ്പൂർണ്ണ അടിയറവിന്, ഒരു സമ്പൂർണ്ണ വിധേയത്വത്തിന് തയ്യാറാകാൻ നമ്മുടെ ലൗകീകവ്യഗ്രതകൾ നമ്മളെ സ്വതന്ത്രരാക്കാറുണ്ടോ? പരി. അമ്മ കടന്നുപോയ സാമൂഹ്യപ്രശ്നങ്ങളിലൂടെയും ആത്മനൊമ്പരങ്ങളിലൂടെയും ചെറുതെങ്കിലും, നമ്മളും കടന്നുപോകുമ്പോൾ ദൈവഹിതം സംരക്ഷിക്കുന്ന ഗർഭപാത്രങ്ങളായി മാറാൻ നമുക്കു കഴിയാറുണ്ടോയെന്നു ചിന്തിക്കാം. നാം കുറയുന്നിടത്ത് ദൈവം നമ്മിൽ വളർന്നു പന്തലിക്കുമ്പോൾ, അവിടുത്തോടൊപ്പം നമ്മളും യഥാർത്ഥത്തിൽ വളരുകയാണെന്നതിന്റെ തെളിവാണ് ഈശോയോട് ഒപ്പമുള്ള പരി. അമ്മയുടെ ജീവിതം. ഈശോയുടെ രക്ഷാകരകർമ്മത്തിനായി സ്വന്തമായതെല്ലാം ത്യജിച്ച പരി. അമ്മയെ ദൈവം സ്വർഗ്ഗീയ റാണിയായി ഉയർത്തി, അവളെ ലോകത്തിനു അമ്മയായി നൽകുകയും ചെയ്തു.

ഈശോയുടെ ജനനത്തിനുമുമ്പും ജനനസമയത്തും അതിനു ശേഷവും പരി. അമ്മ കടന്നുപോയ തിരസ്കരണവും മാതൃത്വത്തിലേയ്ക്കുള്ള അവിടുത്തെ വേദനയും പലായനവും എല്ലാം നിസ്സാരങ്ങളായിക്കരുതിയത്, ഈശോയോട് പരി. അമ്മയ്ക്കുള്ള അത്യഗാധമായ സ്നേഹവും ദൈവീക പദ്ധതികൾ പരിപാലിക്കപ്പെടണം എന്നുള്ള നിഷ്ഠയും മാത്രമായിരുന്നു.

ദൈവത്തിരുമനസ്സിനെയും സഭയുടെ നിയമങ്ങളെയും നമ്മുടെ ബുദ്ധിക്കനുസൃതമായ വഴികളിലൂടെ തിരിച്ചുവിട്ട്, തനിക്കു പോറലുകളൊന്നും ഏൽക്കില്ലായെന്ന മിഥ്യാധാരണയിൽ കണ്ണടച്ചു ജീവിക്കുന്നവരും നമ്മുക്കിടയിൽ സുലഭമാണിന്ന്, ഈശോയെ ഉപേക്ഷിച്ചു പോകാൻ ധാരാളം അവസരങ്ങൾ ഉണ്ടായിട്ടും ദൈവത്തിരുമനസ്സിനു വിഘാതമുണ്ടാകാതിരിക്കാൻ കൊച്ചുദരത്തിൽ തന്റെ തിരുമകനെ പൊതിഞ്ഞുപിടിച്ച പരി. അമ്മയോട് നമുക്കു പ്രാർത്ഥിക്കാം, ദൈവതിരുമനസ്സ് നമ്മിലും നിറവേറ്റണമേ എന്ന്.

### ഈശോയോടൊപ്പമുള്ള പരി. അമ്മയുടെ പ്രാർത്ഥനാജീവിതം

യേശുവിനോടൊപ്പമുള്ള പരി. അമ്മയുടെ ജീവിതം ഒരു പ്രാർത്ഥന തന്നെയായിരുന്നു. വാഴ്ത്തപ്പെട്ട ചാൾസ് ഡി. ഫോക്കോൾഡ് പറയുന്നു:

**"പ്രാർത്ഥിക്കുകയെന്നതിന്റെ അർത്ഥം യേശുവിനെക്കുറിച്ച് സ്നേഹപൂർവ്വം ചിന്തിക്കുകയെന്നതാണ്. യേശുവിൽ കേന്ദ്രീകരിക്കുന്ന ആത്മാവിന്റെ ശ്രദ്ധയാണ് പ്രാർത്ഥന. നിങ്ങൾ എത്ര നന്നായി യേശുവിനെ സ്നേഹിക്കുന്നുവോ അത്ര നന്നായി നിങ്ങൾ പ്രാർത്ഥിക്കുന്നു".**

ഈ ലോകത്തിൽ ആർക്കും സാധിക്കാത്തവിധം പരി. അമ്മ ഈശോയെ സ്നേഹിച്ചു, ശ്രദ്ധിച്ചു, പരിപാലിച്ചു, എപ്പോഴും അവിടുത്തോടൊപ്പം ആയിരുന്നുകൊണ്ട്.

നമുക്കു ചിന്തിക്കാം, അനുദിനജീവിതാനുഷ്ഠാനങ്ങളുടെ യാന്ത്രികതയിൽ മറന്നുപോകുന്ന മാറ്റിവയ്ക്കപ്പെടുന്ന പ്രാർത്ഥനാനിമിഷങ്ങളിൽ യഥാർത്ഥത്തിൽ നാം മാറ്റിവയ്ക്കുന്നത് ഈശോയെയാണ്



എന്ന്. പരി. അമ്മ ഈശോയുടെ മനുഷ്യാവതാര ഉദ്ദേശ്യത്തിന്റെ പൂർത്തീകരണത്തിനായി സ്വയം അൾത്താരയായി ഒരുക്കപ്പെടുവാൻ തന്നെത്തന്നെ സമർപ്പിച്ചതുപോലെ, ദൈവതിരുവിഷ്ടത്തിനു ഉതകുന്നവിധത്തിൽ ഉടച്ചുവാർക്കപ്പെടുവാൻ അവന്റെ കൈകളിലെ കളിമൺപാത്രങ്ങളായി മാറ്റപ്പെടുവാൻ ആഗ്രഹിക്കാം. പരി. അമ്മ ഈശോയോടൊപ്പം നടന്ന് ലോകരക്ഷകയായിതുപോലെ നമ്മുടെ പ്രാർത്ഥനകളാൽ ലോകം മുഴുവൻ അനുഗ്രഹങ്ങളാൽ നനച്ചു കുതിർക്കപ്പെടാൻ അവനോടൊപ്പം നമുക്കും നടന്നു തുടങ്ങാം.

### പരി. അമ്മയുടെയും ഈശോയുടെയും – ദൈവാലയ അടുപ്പം

പരി. അമ്മ ശൈശവം മുതൽ ദൈവാലയ അന്തരീക്ഷത്തിൽ ജീവിക്കുവാൻ വേണ്ടി മാതാപിതാക്കളാൽ ദൈവത്തിന്റെ പ്രതിഷ്ഠിക്കപ്പെട്ടവളായിരുന്നു. ഈശോയും പരി. അമ്മയാൽ ദൈവാലയഗന്ധിയായി വളർത്തപ്പെട്ടു. പുരോഹിതപ്രമുഖന്മാരുമായുള്ള വാദപ്രതിവാദങ്ങളിലുടനീളം ദൈവീകജ്ഞാനത്തിലും ദൈവസ്നേഹത്തിലും ഈശോ ഉജ്ജ്വലിച്ചിരുന്നതിന്റെ കാരണം, പരി. അമ്മയ്ക്ക് വേദപുസ്തകത്തിലും സങ്കീർത്തനങ്ങളിലും പ്രാർത്ഥനകളിലുമുള്ള ആഴമായ അറിവ് ആയിരുന്നു. ദൈവീകമായ അറിവുകളിൽ ശ്രദ്ധിച്ചിരുന്ന പരി. അമ്മയ്ക്ക് ദൈവീകകാര്യങ്ങളിൽ പൂർണ്ണമായും വ്യാപൃതനായ ഒരു മകനെ ദൈവം സമ്മാനിച്ചു.

ദൈവാലയാനുഷ്ഠാനങ്ങളിലും സഭയുടെ തീരുമാനങ്ങളിലും സഭാധികാരികളിലും നമുക്കുള്ള മനോഭാവത്തെ, ആത്മശോധന ചെയ്തു നോക്കാം. സർവ്വപ്രത്യാശയായ ദൈവത്തെ ആരാധിക്കുകയും സ്നേഹിക്കുകയും അവിടുത്തേയ്ക്കു വേണ്ടി നിലകൊള്ളുകയും ചെയ്യുകയെന്നതു നമ്മുടെ കർത്തവ്യമാണ്. അതു നമ്മെ ലോകത്തിലെ ശക്തികളോടുള്ള അടിമത്വത്തിൽനിന്നു മറയ്ക്കുകയും ചെയ്യുന്നു. വേദപുസ്തക പഠനത്തിലും വി. കുർബ്ബാനയുടെ ആഘോഷങ്ങളിലും മറ്റു ഭക്താനുഷ്ഠാനങ്ങളിലും അനുദിനം വളരുകയും പുതുതലമുറയ്ക്കു മുമ്പിൽ ജ്വലിക്കുന്ന മാതൃകകളായി മാറ്റപ്പെടാൻ പരിശ്രമിക്കാം.

### പരി. അമ്മയും ഈശോയുടെ പരസ്യജീവിതവും

മുപ്പത്തിമൂന്നു വർഷത്തെ, പരി. അമ്മയോടൊപ്പമുള്ള ഈശോയുടെ ജീവിതം അവനെ വിധേയത്വത്തിലും അനുസരണയിലും അദ്ധ്വാനത്തിലും ദാരിദ്ര്യത്തിൽ സമചിത്തതയിലും വളരുവാൻ പരിശീലിപ്പിച്ചു. തന്റെ പരസ്യജീവിതത്തിലുടനീളം സഹജീവികളോട് അതീവഅനുകമ്പയുള്ളവനായി ഈശോ മാറിയത് പരി. അമ്മയുടെ സഹവർത്തിത്വത്തിലൂടെ ആയിരുന്നു.

ഇന്നത്തെ മാറിവരുന്ന സാഹചര്യങ്ങളിൽ പുതുതലമുറയിലെ അമ്മമുഖങ്ങളിൽനിന്ന് കുഞ്ഞുങ്ങൾക്കു പഠിക്കുവാൻ കാര്യമായതെങ്കിലും കരുതുവാൻ ശ്രദ്ധാലുക്കളാണോ നാം?. ഭൗതികകാര്യങ്ങളിൽ അമിതപ്രാധാന്യം നൽകുന്നതിനു പകരം ദീനാനുകമ്പയുള്ളവരും ഹൃദയത്തിൽ നന്മനിറഞ്ഞവരുമായി അവർ വളരുവാൻ സഹായിക്കുന്ന "അമ്മക്കൂട്ട്" എന്നും അവർക്കൊപ്പം ഉണ്ടായിരിക്കട്ടെ.

പരിപൂർണ്ണമായും മാനുഷികവിചാരങ്ങളോടെയും സ്വത്വത്തോടെയും അവതരിച്ച ഈശോ യഥാർത്ഥ മനുഷ്യൻ തന്നെയായിരുന്നു. തന്റെ സുദീർഘമായ ദൈവരാജ്യ പ്രഘോഷണങ്ങളിൽ അവിടുന്ന് കഠിനമായ വിശപ്പും ദാഹവും സഹിച്ചിരുന്നിരിക്കാം, ശാരീരികമായ ക്ഷീണത്താൽ വലഞ്ഞിരുന്നിരിക്കാം. അവിടുന്ന് അതൊന്നും ഗൗനിച്ചിരുന്നില്ല. പീഡാനുഭവയാത്രയിൽ ഒരിറ്റുജലം പോലും ലഭിക്കാതെ വിശന്നും ദാഹിച്ചും ചാട്ടവാറടികളും അതിഘോരമായ നിന്ദനങ്ങളും പരിഹാസങ്ങളും



ചുട്ടുപൊള്ളുന്ന വെയിലേറ്റ്, ഏകനായി നിശബ്ദനയായി, ദൈവപിതാവിന്റെ തിരുവിഷ്ടത്തോട് പൂർണ്ണമായും വിധേയപ്പെട്ട്, പരിദേവനങ്ങളൊന്നുമില്ലാതെ രക്തത്തിൽ മുങ്ങി അവൻ നടന്നു നീങ്ങിയതിന്റെ കാരണം, തന്റെ അമ്മയുടെ ജീവിതത്തിൽ നിന്നും അവൻ പഠിച്ചെടുത്ത പാഠങ്ങൾ നൽകിയ, ഊർജ്ജം കൊണ്ട് ആയിരുന്നില്ലേ?

നമ്മുടെ ദുരിതങ്ങളിലും സഹനങ്ങളിലും പലപ്പോഴും സമചിത്തത നഷ്ടപ്പെട്ടവരായും ദൈവത്തെ ഉപേക്ഷിച്ച് നിസംഗരായും കഴിയുന്നവരാണോ നമ്മൾ? വിശ്വാസത്തിൽ നമ്മുടെ സഹനം സ്വീകരിക്കാനും മറ്റുള്ളവരുടെ സഹനങ്ങളിൽ പങ്കുചേരാനും നമുക്കു കഴിയണം. നമ്മുടെ മാനുഷികസഹനങ്ങളെ ക്രിസ്തുവിന്റെ സഹനങ്ങളോട് കൂട്ടിച്ചേർക്കുവാൻ പരിശ്രമിക്കുമ്പോൾ പരി. അമ്മയെപോലെ ഈശോയുമായുള്ള ഗാഢബന്ധത്തിലേയ്ക്ക് നാം നയിക്കപ്പെടുന്നു.

പരി. മറിയത്തിന്റെ ഈശോയൊടൊപ്പമുള്ള തീർത്ഥയാത്ര അവിടുത്തെ കുരിശുമരണംവരെ മാത്രമായിരുന്നില്ല. ഈശോയുടെ മരണശേഷം മറ്റൊരു മാതൃത്വവും ഇന്നേവരെ കടന്നുപോയിട്ടില്ലാത്ത അതികഠിനമായ ഹൃദയവേദനയിലൂടെ അവിടുന്ന് കടന്നു പോയപ്പോഴും അവൾ ദൈവത്തെയോ മനുഷ്യനെയോ ശപിച്ചില്ല. ഒരു തെറ്റും ചെയ്യാത്ത തന്റെ മകനെ അപമാനത്തിന്റെ ചിഹ്നമായ കുരിശിൽ കൊടുംകുറ്റവാളികളുടെ നടുവിൽ അതിക്രൂരമായി കൊലചെയ്തപ്പോൾ, ഹൃദയം നുറുങ്ങി അമ്മ വിലപ്പിച്ചത് മനുഷ്യകുലത്തിന്റെ അജ്ഞതയ്ക്കു പാപപൊറുതി യാചിച്ചിരുന്നു. അല്ലായിരുന്നെങ്കിൽ ആ വിശുദ്ധയായ അമ്മയുടെ കണ്ണുനീരിന്റെ താപനം താങ്ങാൻ ഈ പ്രപഞ്ചത്തിനാകുമായിരുന്നോ...

മക്കളെ ചൊല്ലി വിലപിക്കുന്ന മാതൃഹൃദയങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന കാലഘട്ടമായിമാറിയിരിക്കുന്നു ഇത്. സാങ്കേതിക വിദ്യകളുടെ മാസ്മരിക ചുഴികളിലും ചതികളിലും പെട്ട് ജീവിതം ഹോമിക്കുന്നവരായി നമ്മുടെ മക്കൾ മാറാതിരിക്കാൻ പരി. അമ്മയെപ്പോലെ ദൈവത്തിരുമനസ്സിനു യോജിച്ചവിധം അവരെ പരിശീലിപ്പിക്കുവാൻ ശ്രമിക്കാം.

സമൂഹത്തിൽനിന്നും ബന്ധുജനങ്ങളുടെ ഇടയിൽ നിന്നും  ഉണ്ടായേക്കാവുന്ന മാനഹാനികളും സാമ്പത്തികബാധ്യത ഉണ്ടാകുമെന്നുള്ള ഭയങ്ങളും സർക്കാർ സംവിധാനങ്ങളുടെ അനാവശ്യ ഇടപെടലുകളും നിമിത്തം വ്യക്തിപരമായി തീരുമാനങ്ങളെടുക്കാനുള്ള ദൃഢത നഷ്ടപ്പെടുത്തി, സ്വന്തം കുഞ്ഞുങ്ങളെ ജനിക്കാൻ അനുവദിക്കാത്ത ദൈവത്തിരുമനസ്സിനു പുറം തിരിഞ്ഞു നിൽക്കുന്ന മാതൃത്വങ്ങൾക്ക് പരി. അമ്മയുടെ ജീവിതം എന്നും ഒരു വെല്ലുവിളി ആയിരിക്കട്ടെ.

തന്നിൽ വിശ്വസിക്കുന്നവർക്ക്, തന്റെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് എല്ലാം നന്മയ്ക്കായ് പരിണമിപ്പിക്കുന്നവനിലുള്ള സമ്പൂർണ്ണമായ വിശ്വാസം, മഹത്വീകരണത്തിനും രക്ഷയ്ക്കും കാരണമായിത്തീരുമെന്നു പരി. അമ്മയുടെ ഈശോയോടു ചേർന്നുള്ള ജീവിതയാത്ര നമ്മളെ അനുദിനം അനുസ്മരിപ്പിക്കട്ടെ.

# മാതൃത്വം നവയുഗ സൃഷ്ടിക്കായ്

**അന്തർദേശീയ മാതൃസംഘം ജൂലൈ മാസത്തിൽ തൃശ്ശൂരിൽ വച്ച് നടത്തിയ ജനറൽബോഡി യോഗത്തിൽ ചർച്ചചെയ്ത വിഷയങ്ങളെ ആസ്പദമാക്കി സെനറ്റ് മെമ്പർ അനില ഫിലിപ് തയ്യാറാക്കിയത്.**



Anila Philip
Immaculate Conception Church, Dombivli

**"എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും, അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം".** (യോഹ. 4 : 34) എന്നരുളി ചെയ്ത ഈശോയുടെ ജീവിതശൈലി തന്നെയായിരുന്നു പരിശുദ്ധ അമ്മയിലും നിറഞ്ഞു നിന്നിരുന്നത്. ജീവിതത്തിന്റെ വ്യത്യസ്ഥമായ അനുഭവങ്ങളുടെ വേലിയേറ്റങ്ങൾ ഉയർന്നു വന്നപ്പോൾ അവിടെയെല്ലാം ദൈവഹിതത്തിനു മുമ്പിൽ ശിരസ്സ് കുനിച്ചവളാണ് പരിശുദ്ധ മറിയം. പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യവും കരുതലും നമുക്ക് എന്നും ആവശ്യമാണ്. ഈശോയിലേക്കു നടന്നടുക്കാനുള്ള പാലമാണ് അവൾ. ഈശോയിൽ കേന്ദ്രീകൃതമായ ഒരു ജീവിതം നയിക്കണമെങ്കിൽ പരിശുദ്ധ അമ്മയുടെ നിരന്തരമായ സാന്നിധ്യവും സംരക്ഷണവും അനുഭവിക്കാൻ കഴിയണം. വിശ്വാസപ്രതിസന്ധികളിലൂടെ കടന്നു പോകുന്ന ഈ സാഹചര്യത്തിൽ പരിശുദ്ധ അമ്മയെപ്പോലെ വിശ്വാസജീവിതത്തെ ഹൃദയത്തിൽ ഏറ്റുവാങ്ങുവാൻ ഓരോ അമ്മയ്ക്കും കഴിയട്ടെ. വിശ്വാസം ഹോമിക്കപ്പെടുന്ന ഇന്നത്തെ കാലഘട്ടത്തിൽ വിശ്വാസത്തിൽ ജീവിക്കുവാൻ കുരിശുമരണത്തോളം സ്വപുത്രനെ അനുഗമിച്ച പരിശുദ്ധ അമ്മയാണ് നമുക്കു മുമ്പിൽ പ്രകാശഗോപുരമായി മാറുന്നത്.

**'യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു വന്നു'.** (ലൂക്കാ. 2 : 52) എന്നു നാം വായിക്കുന്നു.

പരി. അമ്മ തന്റെ മകനെ രക്ഷാകരപദ്ധതിക്കായി ഒരുക്കിയതുപോലെ ഓരോ അമ്മമാരും തന്റെ മക്കളെ ദൈവീകപദ്ധതിക്കനുസരിച്ച് വളർത്തികൊണ്ടുവരുവാനുള്ള ഉത്തരവാദിത്വമുണ്ട്. പരി. അമ്മ ഈശോയോട് ചേർന്നു നിന്നതുപോലെ, ഓരോ അമ്മക്കും തന്റെ കുഞ്ഞിന്റെ ഹൃദയസ്പന്ദനം തിരിച്ചറിയാനും, അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരെ സഹായിക്കാനും സാധിക്കണം. വി. ചാവറപിതാവ് പറയുന്നു, **"ദൈവം സൂക്ഷിക്കുന്നതിനായി നിങ്ങളെ ഏല്പിച്ച നിധികളാണ് നിങ്ങളുടെ മക്കൾ"**, മക്കളുടെ വളർച്ചയുടെ ഓരോ കാലഘട്ടങ്ങളിലും കാവൽ മാലാഖയാകാനുള്ള വിളി ഓരോ മാതാവിനും ഉണ്ട്. എന്നാൽ ഇന്ന് ഭൗതികതയുടെയും സുഖലോലുപതയുടേയും, അതിലുപരി സാമൂഹ്യ - മാധ്യമങ്ങളുടെയും അതിപ്രസരണത്തിൽ മക്കൾ വഴി തെറ്റിപോകാനുള്ള സാധ്യത വളരെയേറെയാണ്. മക്കളെ ചേർത്തുപിടിച്ച് നേരായ മാർഗ്ഗത്തിലൂടെ നയിക്കേണ്ടതും, ഇന്നിന്റെ സാഹചര്യങ്ങൾ മനസ്സിലാക്കി ധൈര്യപൂർവ്വം ജീവിക്കാനുതകുന്ന രീതിയിൽ വളർത്തുകയെന്നതും അമ്മമാരുടെ വലിയ ഉത്തരവാദിത്വമായി മാറികഴിഞ്ഞിരിക്കുന്നു.

ജനനം മുതൽ മരണം വരെ പ്രാർത്ഥനാനിരതയായി ജീവിച്ച പരി. അമ്മ, അമ്മമാർക്ക് എന്നും ഒരു മാതൃകയാണ്. ജീവിതം ഒരു പ്രാർത്ഥനയായി മാറിയാലെ, മക്കൾക്ക് ദൈവവിശ്വാസം പകർന്നു കൊടുക്കുവാനും, വഴികാട്ടിയായി തീരുവാനും സാധിക്കുക. മക്കളുടെ ആത്മാവിന്റെ കാവൽക്കാരാണ് മാതാപിതാക്കൾ! ഭൂമിയിൽ എന്തെല്ലാം വാരികൊടുത്താലും വിശ്വാസത്തിന്റെ തിരിവെട്ടം കുഞ്ഞുങ്ങളുടെ ജീവിതത്തിൽ പകർന്നു കൊടുക്കാനായില്ലെങ്കിൽ അതിനേക്കാൾ വലിയൊരു നഷ്ടം വെറേയില്ല.

മക്കൾക്ക് നല്ലത് നൽകുവാൻ എല്ലാവർക്കും ആഗ്രഹമുണ്ട്. എന്നാൽ മക്കൾക്ക് നല്കാവുന്നതിൽ ഏറ്റവും നല്ലതെന്താണെന്ന് പലപ്പോഴും തിരിച്ചറിയാതെ പോകുന്നു.

പരി. അമ്മയോടും സഭയോടും ചേർന്ന്, സുവിശേഷമൂല്യങ്ങൾക്കനുസൃതമായി വളർന്നുവരുവാനും, അവ ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും ഓരോ മക്കൾക്കും സാധിക്കണം. ആദിമസഭയിൽ പരി. അമ്മയുടെ സാന്നിധ്യവും മാതൃകയും പ്രാധാന്യമർഹിക്കുന്നതുപോലെതന്നെ ഇന്നിന്റെ കുടുംബത്തിലും, സമൂഹത്തിലും, സഭയിലും അമ്മമാരുടെ സാന്നിധ്യവും, മാതൃകയും പ്രാധാന്യമർഹിക്കുന്നതാണ്. സഭയോട് ചേർന്ന്നിന്ന് ആത്മവിശുദ്ധിയോടെ ജീവിക്കുവാനും, മറ്റുള്ളവരെ ആ ജീവിതപന്ഥാവിലൂടെ നയിക്കുവാനും, അങ്ങനെ സ്വർഗ്ഗോന്മുഖതയിലേക്ക് എത്തുന്നതിനും തീർത്ഥാടകരായ നമ്മുക്ക് സാധിക്കട്ടെ.

# സാക്ഷ്യം



Mini Thomas
St. Thomas Forane Church, Borivali

ഗബ്രിയേൽ ദൂതൻ വഴി മറിയം യേശുവിനെ വചനത്തിന്റെ രൂപത്തിൽ ഹൃദയത്തിൽ സ്വീകരിച്ചു. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മറിയത്തിന്റെ ഉദരത്തിൽ യേശു ജന്മം കൊണ്ടു. തന്റെ ഉത്ഭവത്തിലും ജനനത്തിലും ദേവാലയത്തിലെ സമർപ്പണത്തിലും 30 വർഷത്തെ രഹസ്യ ജീവിതത്തിലും എളിമയുടെയും അനുസരണത്തിന്റെയും വിശുദ്ധിയുടെയും പര്യായമായ തന്റെ അമ്മയെ ആശ്രയിച്ചുകൊണ്ട് യേശു തന്റെ ദൗത്യത്തെയും ദൈവികതയെയും മഹത്തീകരിച്ചു. യേശുവിന്റെ പീഡാസഹനത്തിലും കുരിശു മരണത്തിലും സന്നിഹിതയായി കൊണ്ട് യേശുവിനോടൊപ്പം മറിയം ബലി അർപ്പിച്ചു. മറിയം വഴി വേണം തന്റെ അത്ഭുതങ്ങൾ ആരംഭിക്കേണ്ടത് എന്നത് ദൈവതിരുമനസ്സ് ആണെന്ന് തിരുവചനങ്ങളിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഉദാഹരണമായി സ്നാപകയോഹന്നാനെ എലിസബത്തിന്റെ ഉദരത്തിൽ വച്ച് വിശുദ്ധീകരിച്ചത് മാതാവിന്റെ മധുരമൊഴിയിലൂടെയാണ്. മറിയം വിനീതമായി ഉണർത്തിച്ച ഒരു ആവശ്യത്തിന്റെ പൂർത്തീകരണമായിരുന്നു കാനായിലെ അത്ഭുതം. അങ്ങനെ മറിയം വഴി ആരംഭിച്ച അത്ഭുതങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു.

## പരിശുദ്ധ അമ്മ എന്റെ ജീവിതത്തിൽ

